**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 42** **23-08-2022 - ൽ മറുപടിയ്ക്ക്**

**അഖിലേന്ത്യാ സർവ്വീസിലെ കേരള കേഡർ ഓഫീസർമാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിലവിൽ ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്. തുടങ്ങിയ സിവിൽ സർവ്വീസ് ഉദ്യോഗസ്ഥരുടെ കുറവുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | (എ) | i. സംസ്ഥാനത്ത് ഐ.എ.എസ്. കേഡറിന്റെ അംഗീകൃത അംഗബലം 231 ആണെന്നിരിക്കെ നിലവിൽ 89 ഐ.എ.എസ് ഉദ്യോഗസ്ഥരുടെ കുറവുണ്ട്.<br><br>ii. ഐ.പി.എസ് കേഡറിന്റെ അംഗീകൃത അംഗബലം 172 ആണെങ്കിലും നിലവിൽ 59 ഐ.പി.എസ് ഉദ്യോഗസ്ഥരുടെ കുറവുണ്ട്.<br><br>iii. ഐ.എഫ്.എസ് കേഡറിന്റെ അംഗീകൃത അംഗബലം 107 ആണെങ്കിലും നിലവിൽ 36 ഐ.എഫ്.എസ് ഉദ്യോഗസ്ഥരുടെ കുറവുണ്ട്.<br><br>iv. എന്നാൽ ഇന്റർ കേഡർ ഡെപ്യൂട്ടേഷനിൽ മറ്റു സംസ്ഥാന കേഡറുകളിൽ നിന്നും ഐ.പി.എസ് -ൽ ഒന്നും (1), ഐ.എഫ്.എസ് -ൽ ആറും (6) ഉദ്യോഗസ്ഥർ നിലവിൽ സംസ്ഥാനത്ത് സേവനമനുഷ്ഠിക്കുന്നുണ്ട്. |
| (ബി) | അഖിലേന്ത്യാ സർവ്വീസിൽ കേരള കേഡറിലുള്ള എത്ര ഓഫീസർമാർ ഡെപ്യൂട്ടേഷനിൽ പ്രവർത്തിക്കുന്നു; വിശദാംശം വ്യക്തമാക്കുമോ; | (ബി) | i. കേരള കേഡറിലുള്ള ഐ.എ.എസ്. ഉദ്യോഗസ്ഥരിൽ 19 പേർ കേന്ദ്ര ഡെപ്യൂട്ടേഷനിലും, ഒരാൾ അന്യസംസ്ഥാനത്ത് ഇന്റർ കേഡർ ഡെപ്യൂട്ടേഷനിലും, 4 പേർ സംസ്ഥാന സർക്കാരിന് കീഴിൽ സ്റ്റേറ്റ് ഡെപ്യൂട്ടേഷനിലും ജോലി ചെയ്തു വരുന്നു.<br><br>ii. ഐ.പി.എസ്. ഉദ്യോഗസ്ഥരിൽ നിലവിൽ 18 പേർ കേന്ദ്ര ഡെപ്യൂട്ടേഷനിലും ഒരാൾ ഇന്റർ കേഡർ ഡെപ്യൂട്ടേഷനിലും 2 പേർ സംസ്ഥാന സർക്കാരിന് കീഴിൽ സ്റ്റേറ്റ് ഡെപ്യൂട്ടേഷനിലും ജോലി ചെയ്തു വരുന്നു.<br><br>iii. ഐ.എഫ്.എസ്. ഉദ്യോഗസ്ഥരിൽ നിലവിൽ 15 പേർ കേന്ദ്ര ഡെപ്യൂട്ടേഷനിലും 4 പേർ സംസ്ഥാന |

| | | | |
|---|---|---|---|
| | | | സർക്കാരിന് കീഴിൽ സ്റ്റേറ്റ് ഡെപ്യൂട്ടേഷനിലും സേവനമനുഷ്ഠിച്ചു വരുന്നു. |
| (സി) | ഇവരുടെ സേവനം സംസ്ഥാനത്തുതന്നെ ഉറപ്പാക്കാൻ എന്തു നടപടികൾ സ്വീകരിക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ? | (സി) | അഖിലേന്ത്യാ സർവ്വീസ് (കേഡർ) ചട്ടങ്ങൾ, 1954-ലെ ചട്ടം 6 പ്രകാരം കേഡറിലുള്ള അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥർക്ക് ബന്ധപ്പെട്ട സംസ്ഥാന സർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റെയും അനുമതിയോടു കൂടി കേന്ദ്ര സർക്കാരിലേയ്ക്കോ മറ്റു സംസ്ഥാന സർക്കാരുകളുടെ കീഴിലോ ഏതെങ്കിലും കമ്പനികളിലോ സംഘടനകളിലോ ഡെപ്യൂട്ടേഷൻ പോകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഡെപ്യൂട്ടേഷൻ പോകുന്നതിലൂടെ അഖിലേന്ത്യാ സർവ്വീസ് ഉദ്യോസ്ഥർക്ക് വ്യത്യസ്ത മേഖലകളിൽ കൂടുതൽ അറിവ് നേടുവാനും അപ്രകാരം ആർജ്ജിക്കുന്ന പരിചയ സമ്പത്ത് കേഡറിൽ തിരികെയെത്തുമ്പോൾ സംസ്ഥാനത്തിന് ഗുണകരമായ രീതിയിൽ ഉപയോഗപ്പെടുത്തുവാനും സാധിക്കുന്നു. അന്യസംസ്ഥാനക്കാരായ, എന്നാൽ കേരള കേഡറിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് തങ്ങളുടെ സ്വദേശത്ത് ജോലി ചെയ്യുന്നതിനുള്ള അവസരവും കുടുംബത്തിന്റെ ഉത്തരവാദിത്തങ്ങളും മക്കളുടെ വിദ്യാഭ്യാസവും കാര്യക്ഷമമായി കൊണ്ട് പോകുന്നതിനുള്ള സാഹചര്യവും ഡെപ്യൂട്ടേഷൻ വഴി ലഭിക്കുന്നു. കൂടാതെ കേന്ദ്രത്തിലെ എംപാനൽമെന്റ് പ്രക്രിയയിൽ പരിഗണിക്കപ്പെടുന്നതിന് കുറഞ്ഞത് 2 വർഷത്തെ കേന്ദ്ര ഡെപ്യൂട്ടേഷൻ സേവനം അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥർക്ക് നിർബന്ധവുമാണ്. ആയതിനാൽ ചട്ടപ്രകാരം അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥർ ഡെപ്യൂട്ടേഷന് അപേക്ഷിച്ചാൽ വിജിലൻസ് ക്ലിയറൻസ്/ കൂളിംഗ് ഓഫ് കാലാവധി എന്നിവ പരിശോധിച്ച് അർഹതയുള്ളതായി കാണുന്ന ഡെപ്യൂട്ടേഷൻ അപേക്ഷകൾ കേന്ദ്ര സർക്കാരിലേക്ക് ശിപാർശ ചെയ്യാൻ സംസ്ഥാന സർക്കാർ ബാദ്ധ്യസ്ഥമാണ്. എങ്കിലും യോഗ്യരായ അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരുടെ ഡെപ്യൂട്ടേഷൻ അപേക്ഷകൾ മാത്രം കേന്ദ്ര സർക്കാരിലേക്ക് ശിപാർശ ചെയ്യുവാനും ഓരോ കേഡറിലേയും ഡെപ്യൂട്ടേഷൻ റിസർവിന്റെ പരിധി അധികരിക്കാതിരിക്കുവാനും സംസ്ഥാന സർക്കാർ ശ്രദ്ധിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ